# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 6465 08.11.2016- ൽ മറുപടിക്ക്**

**ചെങ്ങന്നൂർ പ്രഭുറാം മില്ലിലെ കരാർ ജീവനക്കാർ**

| ചോദ്യം<br>ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ, ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിലുള്ള പ്രഭുറാം മില്ലിൽ വർഷങ്ങളായി കരാർ അടിസ്ഥാനത്തിൽ സൂപ്പർവൈസർ തസ്തികയിലും മറ്റ് തസ്തികകളിലും ജോലിചെയ്യുന്നവരെ സ്ഥിരപ്പെടുത്താത്തത് എന്തെന്ന് വിശദീകരിക്കുമോ;<br><br>(ബി) ഇത് സംബന്ധിച്ച് ജീവനക്കാർ നിവേദനങ്ങൾ സമർപ്പിച്ചിട്ടും സ്ഥിരപ്പെടുത്തുന്നത് വൈകുന്നത് എന്തു കൊണ്ടെന്ന വിശദീകരിക്കുമോ;<br><br>(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഇനി എന്തെല്ലാം നടപടികൾ ആവശ്യമുണ്ട് എന്ന് വിശദീകരിക്കുമോ;<br><br>(ഡി) പ്രസ്തുത ജീവനക്കാരെ എന്ന് സ്ഥിരപ്പെടുത്തുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ? | (എ) (ബി) (സി) & (ഡി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ 21.04.2015 ൽ നടന്ന 231-മത് ബോർഡ് യോഗം കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സൂപ്പർ വൈസർമാരെ സ്ഥിരപ്പെടുത്താനുള്ള നിവേദനം പരിശോധിച്ചിരുന്നു. കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനിലെയും പ്രഭുറാം മിൽ ഉൾപ്പെടെയുള്ള അതിന്റെ യൂണിറ്റുകളിലേയും സൂപ്പർവൈസർ, ക്ലറിക്കൽ സ്റ്റാഫ്/അസിസ്റ്റന്റ്, പ്യൂൺ/അറ്റന്റർ എന്നീ തസ്തികകളിലെ സ്ഥിര നിയമനങ്ങൾ കേരളാ പബ്ലിക് സർവീസ് കമ്മീഷൻ മുഖേനയാണ് നടത്തേണ്ടത്. ആയതിനാൽ പ്രസ്തുത ബോർഡ് യോഗം മേൽ പറഞ്ഞ നിവേദനം നിരസിച്ചിരുന്നു. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ട് പ്രഭുറാം മിൽസിലെ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ